**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780** **24-02-2022 - ൽ മറുപടിയ്ക്ക്**

**ധന്വന്തരി സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആശുപത്രികളിൽ ആരംഭിച്ച ധന്വന്തരി സെന്ററുകൾ എത്രയെന്നും അവ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ്, കൊല്ലം ജില്ലാ ആശുപത്രി, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി, കുണ്ടറ താലൂക്ക് ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, എറണാകുളം ജില്ലാ ജനറൽ ആശുപത്രി എന്നീ സർക്കാർ ആശുപത്രികളിൽ ധന്വന്തരി സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. |
| (ബി) | പ്രസ്തുത സെന്ററുകളിലോരോന്നിലും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളതെന്നും അവിടെ നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ; | (ബി) | ധന്വന്തരി സെന്ററുകളിൽ സജ്ജമാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളുടേയും സേവനങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒരു ഓഫീസ് മുറി, ഒരു പോർട്ടബിൾ എക്സ്റേ, ഒരു ഇസിജി, RBS യൂണിറ്റ്, ന്യൂക്ലിയാർ മെഡിക്കൽ ലാബ്, 2 ആംബുലൻസുകൾ, ഫോട്ടോകോപ്പി യൂണിറ്റ്, 2 കോഫി-ടീ-സ്റ്റേഷനറി സ്റ്റാളുകൾ കൊല്ലം ജില്ലാ ആശുപത്രി 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോർ (ന്യായവില), ഇസിജി യൂണിറ്റ്, GRBS യൂണിറ്റ് കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇസിജി യൂണിറ്റ് കുണ്ടറ താലൂക്ക് ആശുപത്രി ഇസിജി യൂണിറ്റ് കോട്ടയം മെഡിക്കൽ കോളേജ് ആംബുലൻസ്, കൂൾബാർ, മെഡിക്കൽ ഷോപ്പ്, ഔഷധി, ഫോട്ടോസ്റ്റാറ്റ്, ഡോർമെറ്ററി, കാർപാർക്കിംഗ്, സ്റ്റേഷനറി ഷോപ്പ് എറണാകുളം ജില്ലാ ജനറൽ ആശുപത്രി 24 മണിക്കൂർ ആംബുലൻസ് സർവ്വീസ്, മോർച്ചറി കോൾഡ് സ്റ്റോറേജ്, ന്യായവില മെഡിക്കൽ സ്റ്റോർ, ഫോട്ടോസ്റ്റാറ്റ് സെന്റർ, മിനി കാന്റീൻ |
| (സി) | ഓരോ ധന്വന്തരി സെന്ററുകളിലും വിവിധ വിഭാഗങ്ങളിലായി എത്ര ജീവനക്കാരുണ്ടെന്നും അവയിൽ പട്ടിക വിഭാഗങ്ങളിൽപ്പെട്ട എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ധന്വന്തരി സെന്ററുകളിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. സെന്റർ എസ്.സി ജനറൽ ആകെ തിരുവനന്ത പുരം മെഡിക്കൽ കോളേജ് 30 0 30 കൊല്ലം ജില്ലാ ആശുപത്രി 9 1 10 കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി 3 0 3 കുണ്ടറ |

| | | | |
|---|---|---|---|
| | | | താലൂക്ക് ആശുപത്രി 1 0 1 കോട്ടയം മെഡിക്കൽ കോളേജ് 12 1 13 എറണാകുളം ജില്ലാ ജനറൽ ആശുപത്രി 5 3 8 ആകെ 60 5 65 |
| (ഡി) | ചികിത്സാരംഗത്ത് ഉണ്ടായിട്ടുള്ള മുന്നേറ്റം കണക്കിലെടുത്ത് ധന്വന്തരി സെന്ററുകളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ